**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2300** **12-12-2022 - ൽ മറുപടിയ്ക്ക്**

**തിരൂർ ജില്ലാ ആശുപത്രി ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായ തിരൂർ ജില്ലാ ആശുപത്രിയിലെ ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നത് അനിശ്ചിതമായി നീളുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | നിലവിലെ കരാർ അനുസരിച്ച് പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നരക്കോടിയുടെ അഡീഷണൽ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും Tranche close ആയതിനാൽ അനുമതി ലഭിച്ചിട്ടില്ല. ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിലെ DSR പ്രകാരം തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കാൻസർ ചികിത്സയുടെ കാര്യ ത്തിൽ, നിലവിലുള്ള സൗകര്യങ്ങൾ തുടരാം. ആവശ്യകതകൾ വില യിരുത്തുന്നതിന് മലബാർ കാൻസർ സെന്ററിന്റെ വൈദഗ്ധ്യത്തിൽ ഒരു സാധ്യതാ പഠനം നടത്തും.<br><br>2. നബാർഡ് പദ്ധതി പൂർത്തീകരിക്കുന്നതിന് 3.5 കോടി അധികമായി നൽകാനുള്ള നിർദ്ദേശം സംബന്ധിച്ച് പി.ഡബ്ല്യു.ഡി നബാർഡുമായി ഫോളോ അപ്പ് ചെയ്യണം, കൂടാതെ ആശുപത്രിഅധികൃതരുമായി കൂടിയാലോചിച്ച് എസ്.റ്റി.പി ക്ക് ബദൽ സ്ഥലം കണ്ടെത്തണം. 2022 ഓഗസ്റ്റിനുള്ളിൽ പൂർത്തീകരിച്ച് കൈമാറുമെന്ന് PWD ഉറപ്പാക്കണം.<br><br>3. ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ജോയിന്റ് സെക്രട്ടറി, ടെക്നിക്കൽ കമ്മിറ്റി എന്നിവർ അടങ്ങുന്ന ഒരു സംഘം സൈറ്റ് സന്ദർശിക്കുകയും ബന്ധപ്പെട്ട എൽഎസ്ജി സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ആവശ്യകതകൾക്ക് അനുയോജ്യമായ പരിഷ്കാരങ്ങൾ ചർച്ച ചെയ്യുകയും വേണം. |

| | | | |
|---|---|---|---|
| | | | 4. കിഫ്ബിയുടെ സഹായത്തോടെ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, എസ്.റ്റി.പി. എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ ഏറ്റെടുക്കണം.<br><br>5. മൈക്രോബയോളജി ലാബിനായി 43 ലക്ഷം രൂപയുടെ എൻ.എച്ച്.എം. ഫണ്ട് വിനിയോഗിക്കും.<br><br>6. കിഫ്ബി, എൻ.എച്ച്.എം, ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നുള്ള ഫണ്ടുകൾ ആവശ്യകതകൾക്കനുസൃതമായി ആശുപത്രിയെ സമ്പൂർ ണ്ണമായ ഒന്നാക്കി മാറ്റുന്നതിന് വിനിയോഗിക്കും.<br><br>സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. ഫീസിബിലിറ്റി സ്റ്റഡി നടത്താൻ മലബാർ കാൻസർ സെന്ററിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2. STP സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് IRTC പാലക്കാടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>3. മൈക്രോബയോളജി ലാബ് ഓങ്കോളജി ബ്ലോക്കിൽ ചെയ്യുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത പ്രവർത്തി ചെയ്യുന്ന M/S.WAPCOS Ltd., DPR സമർപ്പിച്ചിട്ടുണ്ട്.<br><br>4. ഓങ്കോളജി ബ്ലോക്ക് പ്രവർത്തന സജ്ജമാക്കുന്നതിന് അത്യാവശ്യമായ ജോലികൾ ജില്ലാ പഞ്ചായത്ത് മുഖാന്തിരം ചെയ്യുവാൻ തീരുമാന മായിട്ടുണ്ട്. |
| (സി) | പ്രസ്തുത ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നത് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കാൻസർ ചികിത്സയുടെ കാര്യ ത്തിൽ, നിലവിലുള്ള സൗകര്യങ്ങൾ തുടരാം. ആവശ്യകതകൾ വില യിരുത്തുന്നതിന് മലബാർ കാൻസർ സെന്ററിന്റെ വൈദഗ്ധ്യത്തിൽ ഒരു സാധ്യതാ പഠനം നടത്തും.<br><br>2. നബാർഡ് പദ്ധതി പൂർത്തീകരിക്കുന്നതിന് 3.5 കോടി അധികമായി നൽകാനുള്ള നിർദ്ദേശം സംബന്ധിച്ച് പി.ഡബ്ല്യു.ഡി നബാർഡുമായി ഫോളോ അപ്പ് ചെയ്യണം, കൂടാതെ ആശുപത്രിഅധികൃതരുമായി കൂടിയാലോചിച്ച് എസ്.റ്റി.പി ക്ക് ബദൽ സ്ഥലം കണ്ടെത്തണം. 2022 ഓഗസ്റ്റിനുള്ളിൽ പൂർത്തീകരിച്ച് കൈമാറുമെന്ന് PWD ഉറപ്പാക്കണം. |

| | | | |
|---|---|---|---|
| | | | 3. ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ജോയിന്റ് സെക്രട്ടറി, ടെക്നിക്കൽ കമ്മിറ്റി എന്നിവർ അടങ്ങുന്ന ഒരു സംഘം സൈറ്റ് സന്ദർശിക്കുകയും ബന്ധപ്പെട്ട എൽഎസ്ജി സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ആവശ്യകതകൾക്ക് അനുയോജ്യമായ പരിഷ്കാരങ്ങൾ ചർച്ച ചെയ്യുകയും വേണം.<br><br>4. കിഫ്ബിയുടെ സഹായത്തോടെ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, എസ്.റ്റി.പി. എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ ഏറ്റെടുക്കണം.<br><br>5. മൈക്രോബയോളജി ലാബിനായി 43 ലക്ഷം രൂപയുടെ എൻ.എച്ച്.എം. ഫണ്ട് വിനിയോഗിക്കും.<br><br>6. കിഫ്ബി, എൻ.എച്ച്.എം, ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നുള്ള ഫണ്ടുകൾ ആവശ്യകതകൾക്കനുസൃതമായി ആശുപത്രിയെ സമ്പൂർ ണ്ണമായ ഒന്നാക്കി മാറ്റുന്നതിന് വിനിയോഗിക്കും.<br><br>സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. ഫീസിബിലിറ്റി സ്റ്റഡി നടത്താൻ മലബാർ കാൻസർ സെന്ററിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2. STP സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് IRTC പാലക്കാടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>3. മൈക്രോബയോളജി ലാബ് ഓങ്കോളജി ബ്ലോക്കിൽ ചെയ്യുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത പ്രവർത്തി ചെയ്യുന്ന M/S.WAPCOS Ltd., DPR സമർപ്പിച്ചിട്ടുണ്ട്.<br><br>4. ഓങ്കോളജി ബ്ലോക്ക് പ്രവർത്തന സജ്ജമാക്കുന്നതിന് അത്യാവശ്യമായ ജോലികൾ ജില്ലാ പഞ്ചായത്ത് മുഖാന്തിരം ചെയ്യുവാൻ തീരുമാന മായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ